LIBRARY ARCHIVES Kerala Legislative Assembly

ഡെന്റൽ കോളേജുകളിലെ ഡോക്ടർമാരുടെ പ്രൊമോഷൻ

113 (3546) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡെന്റൽ കോളേജുകളിലെ ഡോക്ടർമാരുടെ പ്രൊമോഷനുവേണ്ടി പ്രൊവിഷണൽ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധപ്പെടുത്തി സർക്കുലേറ്റ് ചെയ്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) ഡി.പി.സി. ചേർന്നാണോ പ്രസ്തുത ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയത് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) ഓറൽ & മാക്സിലോഫേഷ്യൽ സർജറി, പീഡോഡോണ്ടിക്സ്, കൺസർവേറ്റീവ് ഡെന്റിസ്ട്രി, ഓർത്തോഡോണ്ടിക്സ്, ഓറൽ മെഡിസിൻ & റേഡിയോളജി, പ്രോസ്തോഡോണ്ടിക്സ് എന്നീ ഡെന്റൽ വിഭാഗങ്ങളുടെ പ്രൊവിഷണൽ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധപ്പെടുത്തി സർക്കുലേറ്റ് ചെയ്തിട്ടുണ്ട്. ആയത് അനുബന്ധമായി ചേർക്കുന്നു.*

(സി) അല്ല.

ഡെന്റൽ കോളേജുകളിലെ ഡോക്ടർമാരുടെ പ്രൊമോഷൻ

114 (3547) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഡെന്റൽ കോളേജുകളിലെ ഡോക്ടർമാരുടെ പ്രമോഷനുവേണ്ടിയുള്ള പ്രൊവിഷണൽ ലിസ്റ്റിൽനിന്നും എത്ര ഡോക്ടർമാരെ സീനിയോറിറ്റി മാനദണ്ഡമാക്കി പ്രിൻസിപ്പൽമാരായി നിയമിച്ചിട്ടുണ്ടെന്ന്, അവരുടെ പേര്, നിയമിക്കപ്പെട്ട തീയതി, നിയമിക്കപ്പെട്ട കോളേജ് എന്നിവ തിരിച്ച് വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

ഗവൺമെന്റ് ഡെന്റൽ കോളേജുകളിലെ പ്രൊഫസർമാരുടെ പ്രൊവിഷണൽ ലിസ്റ്റിൽനിന്നും 1-12-2014 തീയതിയിലെ ജി.ഒ. (ആർ.റ്റി.) 3865/2014/ആകവ.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നമ്പർ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന പ്രൊഫസർമാരെ പ്രിൻസിപ്പൽമാരായി നിയമിച്ചിട്ടുണ്ട്.

Sl. No.	Name	Appointed in	G.O. No. & date
1	ഡോ. എൻ.രത്നകുമാരി	ഗവൺമെന്റ് ഡെന്റൽ കോളേജ്, കോഴിക്കോട്	ജി.ഒ (ആർറ്റി.) 1471/2015/ ആകവ. തീയതി 20-5-2015
2	ഡോ. പ്രശാന്തിലജനം	ഗവൺമെന്റ് ഡെന്റൽ കോളേജ്, തിരുവനന്തപുരം	ജി.ഒ.(ആർറ്റി.) 1471/2015/ ആകവ തീയതി 20-5-2015.

കോഴിക്കോട് മെഡിക്കൽ കോളേജ്

115 (3548) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് മെഡിക്കൽ കോളേജിൽ സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗത്തിൽ എത്ര തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) തസ്തികകൾ സൃഷ്ടിച്ചിട്ടില്ലെങ്കിൽ അതിനുള്ള കാരണം വിശദമാക്കുമോ ?

ഉത്തരം

(എ&ബി) ഈ സർക്കാരിന്റെ കാലയളവിൽ കോഴിക്കോട് മെഡിക്കൽ കോളേജിൽ സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗത്തിൽ തസ്തികകളൊന്നും സൃഷ്ടിച്ചിട്ടില്ല

ആരോഗ്യ സർവ്വകലാശാലയിൽ സ്ഥിരം ജീവനക്കാരുടെ അപര്യാപ്തത

116 (3550) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആരോഗ്യ സർവ്വകലാശാലയിൽ ആവശ്യത്തിന് സ്ഥിരം ജീവനക്കാരില്ലാത്തതു കാരണം ഉണ്ടായിട്ടുള്ള പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇപ്പോൾ ഈ സ്ഥാപനത്തിൽ ആകെ എത്ര പേർ ജോലി ചെയ്യുന്നുണ്ടെന്നും അവരിൽ സ്ഥിരം ജീവനക്കാർ എത്ര പേരുണ്ടെന്നും പറയാമോ ;

(സി) സർവ്വകലാശാലയുടെ സുഗമവും കാര്യക്ഷമവുമായ പ്രവർത്തനത്തിന് എത്ര തസ്തികകൾ സൃഷ്ടിക്കണമെന്നാണ് സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുള്ളതെന്നും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളും വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly